# മുഖവുര

കരുതലോടെ വേണം ദൈവസ്വഭാവത്തെ വിശദീകരിക്കുവാൻ. ഒന്നാമതു, എല്ലാ സ്വഭാവത്തേക്കാളും ഉയർന്ന ഒരാൾക്ക് നാം “സ്വഭാവം” എന്ന വാക്ക് ഉപയോഗിക്കുന്നതു തന്നെ ശരിയായിരിക്കയില്ല. ദൈവത്തിന്റെ വിശിഷ്ട സ്വഭാവത്തെ[1] പ്രകടമാക്കുന്നതാണ് എല്ലാവശവും, പ്രത്യേകിച്ചു തിരുവെഴുത്തിൽ (ഉദാ.യോശുവ 2:11). അതുകൊണ്ടു, ദൈവം ഒരിക്കലും “സ്വാഭാവികം” അല്ല; അവൻ പ്രകൃതിക്കു മുകളിലാണ് അവൻ *അ -മാനുഷികൻ* അത്രെ.

രണ്ടാമതു, ദൈവം വിശിഷ്ടനാണ് (ലോകത്തിനതീതൻ) എന്നും അന്തർവർത്തിയാണെന്നും (ലോകത്തിൽ) വിവരിക്കുമ്പോൾ, കരുതലോടെ ആകണം. ഒരാൾ “ഇവിടെയും” “അവിടെയും” ഉണ്ട് എന്ന ചിന്തപോലും ഉൾക്കൊള്ളുവാൻ പ്രയാസമാണ്, എങ്കിലും ആ സത്യം പ്രവൃത്തികൾ 17:27-ൽ പ്രകടമാക്കിയിരിക്കുന്നു. *നിങ്ങളുടെ ദൈവം വളരെ ചെറുതാണ്* എന്ന തലവാചകത്തിൽ ഒരു ഉൾക്കാഴ്ച്ച നല്കുന്ന പുസ്തകം വർഷങ്ങൾക്കു മുൻപു എഴുതുവാൻ ജെ.ബി.ഫിലിപ്പൊസിനെ പ്രേരിപ്പിച്ചത് ഈ ചിന്തയാകണം[2]. സഹായം കൂടാതെ മതിയായ വിധത്തിൽ നമുക്കു ദൈവത്തെ ഗ്രഹിക്കുവാൻ സാധ്യമല്ല. ദൈവസ്വഭാവത്തെ ഗൗരവമായി ചിന്തിക്കുമ്പോൾ മനുഷ്യർക്കു താഴ്മ ആവശ്യമാണ്. നമ്മുടെ ഉയർന്ന കാഴ്ച്ചകൾക്ക് ദൈവത്തിന്റെ ഔന്നത്യവും അവന്റെ മഹത്വത്തിന്റെ സമ്പൂർണ്ണതയും കഷ്ടിച്ചു കാണുവാനേ കഴിയു (1 തിമൊഥെയൊസ് 6:16; 1 യോഹന്നാൻ 4:12).

മൂന്നാമതു, ദൈവത്തെ മനസ്സിലാക്കുവാൻ ശ്രമിക്കുന്നതു നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ വെല്ലുവിളി ആണ്. ദൈവത്തെക്കുറിച്ചു ചിന്തിക്കുന്ന ഓരോരുത്തരും അവനെക്കുറിച്ചു പരിമിതമായ രീതിയാലേ ചിന്തിക്കുന്നുള്ളു. നാം മാത്രമായി പോരാടുകയാണെങ്കിൽ നാം വെല്ലാൻ കഴിയാത്ത പോരാട്ടത്തിൽ തന്നെ ആയിരിക്കുമെന്ന തിരിച്ചറിവാണ് ജന്മനാ നമുക്ക് ഉണ്ടാകുന്നത്. ബൈബിൾ വായിക്കുന്നവർക്കെല്ലാം ഇതാണ് തിരുവെഴുത്ത് ഉറപ്പിച്ചു പറയുന്നതെന്ന് അറിയാം (നോക്കുക യെശയ്യാവു 55:8, 9).

പിന്നെ, നാം എന്താണ്, ചെയ്യുക? നാം താഴ്മയോടെ നമ്മുടെ വ്യക്തിപരമായ പരിമിതികളെയും പോരായ്മകളെയും സമ്മതിക്കണം. നമ്മുടേതല്ലാത്ത വിഭവങ്ങളും നാം ഉപയോഗിക്കയും ദൈവത്തിന്റെ വാദിക്കാമെന്നക്ഷണം സ്വീകരിക്കയും ചെയ്യുന്നു (യെശയ്യാവു 1:18). ഈ പുസ്തകത്തിൽ, നാം ദൈവ സ്വഭാവത്തെ, ദൈവം നമ്മോടും അവനോടും, എങ്ങനെ ബന്ധപ്പെടുന്നു എന്നും നാം പഠിക്കും. നമ്മുടെ യോജിച്ചുള്ള ഈ പഠനം സാഹസിക സന്തോഷം ജനിപ്പിക്കും.

കുറിപ്പുകൾ

[1]ദൈവം "വിശേഷതയുള്ളവൻ," അല്ലെങ്കിൽ സ്വഭാവത്തെ സംബന്ധിച്ച് "ഉയർന്നവൻ." [2]ജെ. ബി. ഫിലിപ്പ്സ്, *യുവർ ഗോഡ് ഈസ് ടു സ്മാൾ* (ന്യൂയോർക്ക്: മാക്മില്ലൻ കമ്പനി , 1961).

© 2009 Truth for Today